പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3106 — 13.03.2018 ൽ മറുപടിക്ക്

## റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.പുരുഷൻ കടലുണ്ടി<br>,, ബി.ഡി. ദേവസ്സി : | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കണക്കിലെടുത്ത് റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് നിരവധി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി മോട്ടോർ വാഹന വകുപ്പ് പുതിയതായി ലൈസൻസ് എടുക്കുന്നവർക്കായി പ്രീ - ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം , ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാർക്ക് ഡ്രൈവിംഗിലും ട്രാഫിക് അവബോധം വളർത്തുന്നതിനുമുള്ള പരിശീലനം എന്നിവയും ടിപ്പർ ലോറി, സ്കൂൾ വാഹന ഡ്രൈവർമാർക്ക് അവബോധന / പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. ഈ പ്രവർത്തനങ്ങൾ കേരള റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ച ഫണ്ട് ഉപയോഗിച്ചാണ് സംഘടിപ്പിച്ചു വരുന്നത്. ഇവ കൂടാതെ പ്രത്യേക വാഹന പരിശോധനകളും സംഘടിപ്പിക്കുന്നതാണ്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി അപകടം കൂടിയ സ്ഥലങ്ങൾ 24 x 7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി |

ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സമ്പ്രദായം, വാഹന ക്ഷമതാ പരിശോധനാ കേന്ദ്രങ്ങളും, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് / സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ട്നർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽ നിന്നും ശക്തമാക്കുന്നതാണ്. ഇവ കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കുന്നതുമാണ്.

കേന്ദ്രഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും പോലീസ് വകുപ്പിൽ നിന്നുള്ള വിവരശേഖരണത്തിന്റെയടിസ്ഥാനത്തിലും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക്ക് സംസ്ഥാനത്തെ പാതകളിൽ 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതരപാതകളിൽ പെടുന്ന 116 എണ്ണത്തിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന - പോലീസ് - പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ സമഗ്രനിർമ്മാർജ്ജനം ലക്ഷ്യമിട്ട് പരിശോധന നടത്തിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷൻമാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് റോഡപകടനിരക്ക് 10 % എങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ടാർജറ്റ് നൽകിയിട്ടുണ്ട്. മാത്രവുമല്ല, എല്ലാ മാസവും രണ്ടാം ബുധനാഴ്ച കൗൺസിലുകളുടെ യോഗം ചേരാനും അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്.

അമിതവേഗതയും മറ്റ് ഗതാഗത നിയമലംഘനങ്ങളുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചു കൊണ്ടു വരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ് - മോട്ടോർ

വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത ഒരു വാഹനത്തിനും മോട്ടോർ വാഹന വകുപ്പ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല. കഴക്കൂട്ടം - അടൂർ " മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട്" നടപ്പിൽ വരുത്തുന്നതിനു വേണ്ട സാങ്കേതിക സഹായം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കെ. എസ്. റ്റി.പി. യ്ക്ക് നൽകി വരുന്നു. ഇതിനു പുറമെ റോഡ് സുരക്ഷാ സംബന്ധമായ അനുബന്ധ വകുപ്പുകളുടെ ശുപാർശകൾക്ക് റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ഫണ്ട് അനുവദിച്ച് വരുന്നു.

| | | |
|---|---|---|
| (ബി) | ദേശീയ,സംസ്ഥാന പാതകളിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് ഗതാഗതലംഘനം കണ്ടുപിടിക്കുന്നതിന് റഡാർ സർവൈലൻസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) ഗതാഗത നിയമം ലംഘിക്കുന്നവരെ കണ്ടെത്തുവാനുള്ള റഡാർ സർവ്വയിലൻസ് സിസ്റ്റം സംസ്ഥാനത്തെ കൂടുതൽ പാതകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. ഈ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പഠന വിധേയമാക്കി ഏറ്റവും ഉചിതമായത് കണ്ടെത്തി നടപ്പിലാക്കുവാനുള്ള പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>ഇപ്രകാരമുള്ള ശുപാർശകൾ ലഭ്യമാകുന്ന പക്ഷം അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ഫണ്ട് അനുവദിക്കുന്നതായിരിക്കും. |
| (സി) | ഗതാഗത നിയമം ലംഘിക്കുന്നവരെ പൊതുജന പങ്കാളിത്തത്തോടെ പിടികൂടുന്നതിനും അപ്രകാരം അപകടങ്ങൾ കുറയ്ക്കുന്നതിനും തേർഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി ലഭിച്ച പദ്ധതി രൂപരേഖ പഠിച്ച് വരുന്നു. പദ്ധതി പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

SR...

സെക്ഷൻ ഓഫീസർ